LIBRARY ARCHIVES Kerala Legislative Assembly

(5) സംയോജിത ശിശു വികസന പദ്ധതി

സംയോജിത ശിശു വികസന പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ടി പദ്ധതിയ്ക്കു കീഴിൽ 33115 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. സമൂഹത്തിന്റെ താഴെ തട്ടിൽ നിന്നുള്ള കുട്ടികളാണ് അങ്കണവാടികളിലെത്തുന്നത്. ടി കുട്ടിയുടെ ചെറിയ അസുഖങ്ങൾ മാറ്റുന്നതിനായി മെഡിസിൻ കിറ്റുകൾ നൽകുന്നുണ്ട്. കുട്ടികളുടെ ഭാര നിർണ്ണയം നടത്തുന്നതിനായി അങ്കണവാടികളിൽ വെയിംഗ് സ്കെയിലുകൾ വാങ്ങി നൽകുന്നുണ്ട്. അങ്കണവാടികളുടെ ആവശ്യങ്ങൾക്കായി Flexi Fund, contigency എന്നീ ഇനങ്ങളിൽ പ്രത്യേക ഫണ്ടും അനുവദിച്ച് നൽകുന്നുണ്ട്. കുട്ടികളെ പരിപാലിക്കുന്നതിനായി അങ്കണവാടികളിൽ നിയോഗിച്ച വർക്കർ/ഹെൽപ്പർമാർക്ക് രണ്ട് ജോഡി യൂണിഫോം വീതം നൽകി വരുന്നുണ്ട്.

(6) പൂരക പോഷകാഹാര പദ്ധതി

ഐ.സി.ഡി.എസ്. പ്രോജക്ടുകളുടെ കീഴിൽ 33115 അങ്കണവാടികളുടെ പൂരക പോഷകാഹാര പദ്ധതി നടപ്പിലാക്കി വരുന്നു. അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പോഷകാഹാര പദ്ധതിയ്ക്കായി തുക വകയിരിത്തിയിരിക്കുന്നത്. 6 മാസം മുതൽ 3 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് അമൃതം ന്യൂട്രിമിക്സ് പൗഡർ Take Home Ration ആയി നൽകി വരുന്നു. 3 മുതൽ 6 വയസ്സുവരെ പ്രായമുള്ള പ്രീ-സ്കൂൾ കുട്ടികൾക്കുള്ള ഭക്ഷണം, കുമാരിമാർ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ ഇവർക്കായി പോഷകാഹാരം എന്നിവ അങ്കണവാടികളിലൂടെ നൽകി വരുന്നു.

(ബി) ഇല്ല.

(സി) ബാധകമല്ല.

യാചക വിമുക്ത കേരളം പദ്ധതി

299(3586) ശ്രീ. പി. ഉബൈദുള്ള :താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'യാചക വിമുക്ത കേരളം' പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറത്ത് ഷെൽട്ടർ ഹോം സ്ഥാപിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം യാഥാർത്ഥ്യമാക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് എവിടെയെങ്കിലും ഇത്തരം കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) യാചക വിമുക്ത കേരളം പദ്ധതി പ്രകാരം ഷെൽട്ടർ ഹോമുകൾ സ്ഥാപിക്കുന്നതിന് സ്ഥലം ലഭ്യമല്ലാത്തതിനാൽ പദ്ധതി നടപ്പാക്കാൻ സാധിച്ചിട്ടില്ല. സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള 1945-ലെ മദ്രാസ് പ്രിവൻഷൻ ഓഫ് ബെഗ്ഗിംഗ് ആക്ടും 1120-ലെ ട്രാവൻകൂർ പ്രിവൻഷൻ ഓഫ് ബെഗ്ഗിംഗ് ആക്ടും 1120-ലെ കൊച്ചി വാഗ്രൻസി ആക്ടും യാചകവൃത്തി ഫലപ്രദമായി തടയുന്നതിന് പ്രയോജനപ്പെടുന്നില്ല. യാചകവൃത്തി പൂർണ്ണമായും നിരോധിയ്ക്കുന്നതിനും യഥാർത്ഥ യാചകരെ കണ്ടെത്തി അവരെ പുനരധിവസിപ്പിയ്ക്കുന്നതിനുമായി മേൽ സൂചിപ്പിച്ച നിയമങ്ങൾ റദ്ദാക്കി പുതിയ ഒരു നിയമനിർമ്മാണത്തിനായി ഉദ്ദേശിക്കുന്നുണ്ട്.

വനിതാ വികസന കോർപ്പറേഷന്റെ വായ്പാ തിരിച്ചടവ്

300 (3587) ശ്രീ. ജെയിംസ് മാത്യു : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനിതാ വികസന കോർപ്പറേഷൻ വായ്പാ തിരിച്ചടവ് ഐ.ഡി.ബി.ഐ. ബാങ്ക് വഴി നടപ്പിലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ബാങ്കും കോർപ്പറേഷനും തമ്മിലുള്ള ധാരണാപത്രത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ഇതുമൂലം ഉണ്ടാകുന്ന അധിക നിരക്ക് ഉപഭോക്താവിൽ നിന്നും ഈടാക്കുമോ ; സാമ്പത്തിക നഷ്ടം എത്രയെന്ന് വ്യക്തമാക്കാമോ ;

(ഡി) പദ്ധതി നിർവ്വഹണത്തിൽ നിലനിൽക്കുന്ന ആശങ്ക പരിഹരിക്കുമോ ?

ഉത്തരം

(എ) വനിതാ വികസന കോർപ്പറേഷൻ ഗുണഭോക്താക്കൾക്ക് വായ്പാ തിരിച്ചടവ് ബാങ്ക് വഴി ആക്കുന്നതിന് വേണ്ടി ഐ.ഡി.ബി.ഐ. ബാങ്കുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്.

(ബി) വനിതാ വികസന കോർപ്പറേഷന്റെ ഗുണഭോക്താക്കൾക്ക് കോർ ബാങ്കിംഗ് സംവിധാനമുള്ള ഏതൊരു ബാങ്കിന്റെ ഏത് ശാഖയിൽ നിന്നും അവരുടെ വായ്പാ അക്കൗണ്ടിലേയ്ക്ക് തുക അടയ്ക്കാവുന്നതാണ്. ഗുണഭോക്താവ് ഒടുക്കുന്ന തുക ഉടൻ തന്നെ ഐ.ഡി.ബി.ഐ.-യിലുള്ള കോർപ്പറേഷന്റെ അക്കൗണ്ടിലേയ്ക്കുത്തുകയും അന്നേ ദിവസം തന്നെ ഗുണഭോക്താവിന്റെ വായ്പാ അക്കൗണ്ടിലേയ്ക്ക് വരവ് വയ്ക്കുകയും ചെയ്യുന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly